പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 2890 — 18/08/2017 ൽ മറുപടിയ്ക്ക്

## വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജിൽ സ്ഥലം ഇനംമാറ്റി നൽകിയത് സംബന്ധിച്ച അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ജോയി. | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജിലെ റീസർവ്വേ നമ്പർ 1/85, 1/84 എന്നിവയിൽ ഉൾപ്പെട്ട സ്ഥലം ഇനംമാറ്റം നൽകിയിട്ടുളളത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; | (എ) വർക്കല താലൂക്കിലെ ചെമ്മരുതി വില്ലേജിലെ റീസർവ്വേ നമ്പർ 1/85, 1/84 എന്നിവയിൽ ഉൾപ്പെട്ട സ്ഥലം തോട് പുറമ്പോക്കിൽ നിന്നും ഇനം മാറ്റം നൽകിയെന്ന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ വിഭാഗം സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. നിലവിൽ റവന്യൂ വിജിലൻസ് (ദക്ഷിണ മേഖല) അന്വേഷിച്ചു വരുന്നു. |
| (ബി) പ്രസ്തുത ഭൂമി ഇനം മാറ്റി നൽകിയതിൽ ഏതെങ്കിലും തരത്തിലുള്ള അപാകതയുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) അന്വേഷണം പൂർത്തിയായിട്ടില്ല. |
| (സി) എത്ര ആർ സ്ഥലമാണ് ഇനം മാറ്റി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുളളത്; | (സി) ചെമ്മരുതി വില്ലേജിൽ കോവൂർ ഇടശ്ശേരി മഠത്തിൽ പരമേശ്വരര് ഉണ്ണികൃഷ്ണര് പേരിൽ, തണ്ടപ്പേർ നമ്പർ 21968 ൽ 85/1 ൽ നിന്നും റീസർവ്വേ 85/17 ആയി 1.50 ആർ പുരയിടവും പരമേശ്വരര് രാധാകൃഷ്ണര് പേരിൽ 21969 നമ്പർ തണ്ടപ്പേരിൽ 85/1 ൽ നിന്നും റീസർവ്വേ 85/18 ആയി 3.60 ആർ പുരയിടവും 84/1 ൽ നിന്നും റീസർവ്വേ 84/29 ആയി 2.60 ആർ പുരയിടവും ഇനം മാറ്റി നൽകിയിട്ടുണ്ട്. |
| (ഡി) ഈ ഭൂമി ഇനം മാറ്റി നൽകിയത് ക്രമരഹിതമാണെന്ന് കാണിച്ച് പരാതി എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) ഉണ്ട്. പ്രസ്തുത പരാതി ഇപ്പോൾ റവന്യൂ വിജിലൻസ് (ദക്ഷിണ മേഖല) അന്വേഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ